പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6405 31.10.2011-ൽ മറുപടിക്ക്

## കെ.എം.എം.എല്ലിന് കരിമണൽ നൽകുന്നതിന് ഈടാക്കുന്ന തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ചവറ ഐ.ആർ.ഇ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എല്ലിന് കരിമണൽ നൽകുന്നതിന് ഈടാക്കുന്ന തുക എത്രയാണ്; | (എ) ചവറയിലെ ഐ.ആർ.ഇ.എൽ കെ.എം.എം.എല്ലിന് ഇൽമനൈറ്റ് നൽകുന്നത് ടണ്ണിന് 17000/- രൂപ! നിരക്കിലാണ്. |
| (ബി) ഐ.ആർ.ഇ സ്വകാര്യ കമ്പനികളിൽ നിന്ന് വാങ്ങുന്നതിനേക്കാൾ കൂടുതൽ തുകയാണ് കെ.എം.എം.എല്ലിൽനിന്ന് ഈ ഇനത്തിൽ ഈടാക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനം സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തെ അവഗണിച്ച് സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്നത് നിറുത്തലാക്കാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുമോ? | (സി) & (ഡി) ടി.ടി.പി.എല്ലിനും സ്വകാര്യ കമ്പനിക്കും നൽകുന്ന നിരക്കായ 12650/- രൂപയ്ക്ക് തന്നെ കെ.എം.എം.എൽ-നും നൽകണമെന്ന ആവശ്യം ഐ.ആർ.ഇ-യുടെ സജീവ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ